# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ
ചോദ്യം നം.4886

27.10.2016- ൽ മറുപടിയ്ക്ക്

**<u>അധ്യാപകരുടെ അനധികൃത പ്രൊമോഷനുകൾ</u>**

| ചോദ്യം<br>**ശ്രീ.കെ.വി.വിജയദാസ്** | ഉത്തരം<br>**പ്രൊഫ.സി.രവീന്ദ്രനാഥ്**<br>**(ബഹു. വിദ്യാഭ്യാസ വകുപ്പ് മന്ത്രി)** |
|---|---|
| (എ) കേരള നിയമസഭയിലേയ്ക്കുള്ള ഇക്കഴിഞ്ഞ പൊതു തെരഞ്ഞെടുപ്പ് വിജ്ഞാപനം വന്നശേഷം സർക്കാർ എഞ്ചിനീയറിംഗ് കോളേജുകളിൽ മുൻ സർക്കാർ നടത്തിയ അധ്യാപകരുടെ അനധികൃതമായ പ്രൊമോഷനുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ ; | (എ) 2016 മാർച്ച് 31-നും മെയ് 11-നും ഇടയ്ക്കുള്ള കാലയളവിൽ എഞ്ചിനീയറിംഗ് കോളേജുകളിലെ പ്രിൻസിപ്പാൾ, പ്രൊഫസർ, അസോസിയേറ്റ് പ്രൊഫസർ തസ്തികകളിലേയ്ക്ക് ബഹു. കേരളാ അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 03.02.2016-ലെ OA No. 1778/2014, 1780/2014, 1980/2014, 1669/2015, CP(C) No. 189/2015 എന്നീ കേസുകളിലെ വിധികളുടെ അടിസ്ഥാനത്തിൽ ഇലക്ഷൻ കമ്മീഷന്റെ അനുവാദത്തോടുകൂടി പ്രൊമോഷനുകൾ നടത്തിയിട്ടുണ്ട്. |
| (ബി) പ്രസ്തുത നടപടി നിയമ വിരുദ്ധമാണെന്ന് സർക്കാരിന് ബോധ്യപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് റദ്ദാക്കി നിയമാനുസൃതം നടപടി സ്വീകരിക്കുന്നതിന് എന്തെങ്കിലും തടസ്സമുണ്ടോ ; എങ്കിൽ വിശദമാക്കുമോ ? | (ബി) ഇക്കാര്യം പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ